# തെരഞ്ഞെടുത്ത ചോദ്യോത്തരങ്ങൾ

## SET - 2

1. ചലന നിയമങ്ങളുമായി ബന്ധമില്ലാത്ത ശാസ്ത്രജ്ഞൻ
   A. ന്യൂട്ടൺ B. ഗലീലിയോ
   C. കെപ്ലർ D. റുഥർ ഫോർഡ്
2. മുകളിലേയ്ക്ക് എറിയപ്പെട്ട കല്ലിന്റെ ചലനം
   A. ചക്രഗതി B. സ്ഥാനാന്തര ചലനം
   C. ഭ്രമണം D. ചക്രഗതി, ഭ്രമണം
3. ഹൈഡ്രോമീറ്ററിന്റെ ഉപയോഗം
   A. അന്തരീക്ഷമർദ്ദം അളക്കുന്നു
   B. ജലാശയങ്ങളുടെ ആഴം കണ്ടെത്തുന്നു
   C. ദ്രാവകങ്ങളുടെ ആപേക്ഷികസാന്ദ്രത കണ്ടെത്തൽ
   D. ദ്രാവകങ്ങളുടെ ആർദ്രത കണ്ടെത്താൻ
4. ഒരു പദാർത്ഥത്തിന്റെ തന്മാത്രകളുടെ ശരാശരി ഗതികോർജ്ജത്തിന്റെ അളവാണ് അതിന്റെ -----
   A. താപം B. ഊഷ്മാവ്
   C. എൻഥാൽപി D. വ്യാപ്തം
5. ഒരു ലെൻസിന്റെ മധ്യബിന്ദു
   A. ഓപ്റ്റിക് സെന്റർ B. ഫോക്കസ്
   C. വക്രതാ കേന്ദ്രം D. വിഭജനതലം
6. ഒരു വസ്തു കോൺവെക്സ് ലെൻസിന്റെ 2F-ൽ ആയിരിക്കുമ്പോൾ, പ്രതിബിംബത്തിന്റെ സ്ഥാനം ------ ആയിരിക്കും.
   A. F നും 2F നും ഇടയ്ക്ക്
   B. ലെൻസിന്റെ മറുവശത്ത് 2Fൽ
   C. ഫോക്കസിൽ
   D. ലെൻസിന്റെ മറുവശത്ത് 2Fൽ നിന്നകലെ
7. കാന്തികഫ്ളക്സ് ഏറ്റവും സുഗമമായി പ്രവഹിക്കുന്നത് ഏതിലൂടെയാണ്?
   A. അലുമിനിയം B. വായു
   C. ഇരുമ്പ് D. ക്രോമിയം
8. പ്രകാശത്തിന്റെ തരംഗസിദ്ധാന്തം ആവിഷ്കരിച്ചതാര്?
   A. മാക്സ്വെൽ B. ക്രിസ്റ്റ്യൻ ഹൈഗൻസ്
   C. ലിയോൺ ഫുക്കാൾട്ട് D. ഐസക് ന്യൂട്ടൺ
9. ഒരു മെഴുകുതിരി ജ്വാലയിലെ ഘടകവർണ്ണങ്ങൾ സൂര്യപ്രകാശത്തിലെ ഘടകവർണ്ണങ്ങളുമായി പ്രധാനമായും വ്യത്യാസപ്പെട്ടിരിക്കുന്നത് അവയുടെ ---- ൽ ആണ്.
   A. തരംഗദൈർഘ്യം B. ആവൃത്തി
   C. ആപേക്ഷികതീവ്രത D. പ്രവേഗം
10. ഹോഫ്മാൻ ജലവോൾട്ടാമീറ്ററിൽ ഇലക്ട്രോഡുകൾ നിർമ്മിച്ചിരിക്കുന്നത് ------ കൊണ്ടാണ്.
    A. മോളിബ്ഡിനം B. ഇരുമ്പ്
    C. അലുമിനിയം D. പ്ലാറ്റിനം
11. 10 ഓം പ്രതിരോധമുള്ള ഒരു ഇലക്ട്രിക് ഹീറ്ററിലൂടെ 2A വൈദ്യുതി 10 മിനിട്ടുനേരം പ്രവഹിപ്പിച്ചാൽ ഉൽപാദിപ്പിക്കപ്പെടുന്ന താപം എന്ത്?
    A. 24000 ജൂൾ B. 12000 ജൂൾ
    C. 200 ജൂൾ D. 2000 ജൂൾ
12. ഫ്യൂസ് വയറിന്റെ കനം നിശ്ചയിക്കുന്നത്
    A. വൈദ്യുതപ്രവാഹം B. പ്രതിരോധം
    C. പൊട്ടൻഷ്യൽ D. ദ്രവണാങ്കം
13. വൈദ്യുതോർജ്ജത്തിന്റെ വ്യാവസായിക യൂണിറ്റ്
    A. ജൂൾ B. കിലോവാട്ട് ഔവർ
    C. വാട്ട് D. വാട്ട് ഔവർ
14. വൈദ്യുതി പ്രവഹിക്കുമ്പോൾ ഒരു കമ്പിച്ചുരുൾ (ചാലകം) കാന്തംപോലെ പ്രവർത്തിക്കുന്നുവെന്ന് കണ്ടെത്തിയതാര്?
    A. ഈഴ്സ്റ്റഡ് B. ആമ്പിയർ
    C. ഫാരഡേ D. ഹോഫ്മാൻ
15. അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ അളവ് കൂട്ടുന്ന പ്രവർത്തനം
    A. കാട് നശിപ്പിക്കുന്നത് തടയുക
    B. ധാരാളം ചെടികൾ വളർത്തുക
    C. ഫോസിൽ ഇന്ധനങ്ങൾ പരമാവധി ഉപയോഗിക്കുക
    D. ഫോട്ടോസിന്തസിസ്
16. 2 ഓം, 3 ഓം, 6 ഓം എന്നിങ്ങനെ മൂന്ന് പ്രതിരോധങ്ങൾ സമാന്തരമായി ഘടിപ്പിച്ചാൽ അവയുടെ സഫല പ്രതിരോധമെത്ര?
    A. 4 ഓം B. 1 ഓം
    C. 2 ഓം D. 11 ഓം

17. വായു നീക്കം ചെയ്ത ഒരു ട്യൂബിനുള്ളിൽ വ്യത്യസ്ത ഭാരമുള്ള രണ്ടു വസ്തുക്കൾ ഇട്ടാൽ, ആദ്യം ചുവട്ടിലെത്തുന്നത്

A. ഭാരം കുറഞ്ഞ വസ്തു

B. ഭാരം കൂടിയ വസ്തു

C. രണ്ടും ഒരേ സമയത്തെത്തുന്നു

D. രണ്ടും ചുവട്ടിലെത്തുന്നില്ല

18. 'm' കി. ഗ്രാം പിണ്ഡമുള്ള ഒരു വസ്തുവിന്റെ ഭാരം

A. mg　　B. 2mg

C. $\frac{mg}{2}$　　D. m

19. ബ്രേക്കു ചെയ്യുമ്പോൾ കാർ നിൽക്കുന്നതിനു കാരണം

A. ഗുരുത്വാകർഷണം　　B. കാറിന്റെ ഭാരം

C. ഘർഷണം　　D. ആക്കം

20. സോപ്പു ചേർക്കുമ്പോൾ ജലത്തിന്റെ പ്രതലബലം,

A. കൂടുന്നു　　B. കുറയുന്നു

C. കൂടുകയോ കുറയുകയോ ചെയ്യാം

D. വ്യത്യാസപ്പെടുന്നില്ല

21. ഒരു നിരപ്പായ ഉപരിതലത്തിൽ കൂടി ഒരു ദ്രാവകത്തിന്റെ ഏത് അടുക്കിനാണ് ഏറ്റവും അധികം പ്രവേഗം ഉണ്ടായിരിക്കുന്നത്?

A. ഏറ്റവും താഴെയുള്ള അടുക്കിന്

B. മദ്ധ്യഭാഗത്തുള്ള അടുക്കിന്

C. ഏറ്റവും മുകളിലെ അടുക്കിന്

D. എല്ലാ അടുക്കുകൾക്കും ഒരു പോലെയാണ് പ്രവേഗം

22. ചന്ദ്രനിൽ നിന്നുള്ള പലായന പ്രവേഗമെന്ത്?

A. 8 km/s　　B. 2.37 km/s

C. 5 km/s　　D. 3.49 km/s

23. 150 സെന്റീമീറ്റർ ദൂരമുള്ള ഒരു കോൺകേവ് ലെൻസിന്റെ പവർ എത്ര?

A. $+\frac{2}{3}$ ഡയോപ്റ്റർ　　B. $-\frac{2}{3}$ ഡയോപ്റ്റർ

C. $+\frac{1}{3}$ ഡയോപ്റ്റർ　　D. $-\frac{1}{3}$ ഡയോപ്റ്റർ

24. വാച്ച് നന്നാക്കുന്നവർ ഉപയോഗിക്കുന്ന ആവർധന ഗ്ലാസ് ഏത്?

A. കോൺകേവ് ലെൻസ്

B. കോൺവെക്സ് മിറർ

C. കോൺകേവോ കോൺവെക്സ് ലെൻസ്

D. കോൺവെക്സ് ലെൻസ്

25. u പ്രവേഗത്തിൽ ഒരു കല്ല് മുകളിലേയ്ക്കെറിയുന്നു. മുകളിലേയ്ക്കുള്ള യാത്രയിൽ അവസാനത്തെ t സെക്കൻഡിൽ കല്ല് പൂർത്തിയാക്കുന്ന ദൂരമെന്ത്?

A. $\frac{1}{2}gt^2$　　B. $ut - \frac{1}{2}gt^2$

C. ut　　D. (u - gt)t

26. മനുഷ്യശരീരം റേഡിയേഷൻ പുറപ്പെടുവിക്കുന്നുവെന്ന് കരുതുക. എങ്കിൽ ശരിയായ പ്രസ്താവനയേത്?

A. റേഡിയേഷൻ ഇൻഫ്രാറെഡ് മേഖലയിലുള്ളതായിരിക്കും

B. പകൽ മാത്രമേ റേഡിയേഷൻ പുറപ്പെടുവിക്കൂ.

C. വേനൽക്കാലത്ത് റേഡിയേഷൻ പുറപ്പെടുവിക്കുകയും തണുപ്പുകാലത്ത് റേഡിയേഷൻ ആഗിരണം ചെയ്യുകയും ചെയ്യുന്നു.

D. റേഡിയേഷൻ അൾട്രാ വയലറ്റ് മേഖലയിലുള്ളതായിരിക്കും

27. താഴെപ്പറയുന്നവയിൽ വൈദ്യുത കാന്തിക തരംഗമല്ലാത്തത് ഏത്?

A. എക്സ്റേ　　B. ഗാമാകിരണം

C. ബീറ്റാകിരണം　　D. താപവികിരണം

28. ഒരു ബാർ കാന്തം ഭൗമകാന്തികമണ്ഡലത്തിൽ T പീരിയഡിൽ ദോലനം ചെയ്യുന്നുവെന്ന് കരുതുക. അതിന്റെ മാസ് 4 മടങ്ങാകുമ്പോൾ ബാർ കാന്തത്തിന്റെ പീരിയഡിന് എന്തു സംഭവിക്കും?

A. പീരിയഡ് $T/2$ ആകും　　B. പീരിയഡ് 2T ആകും

C. പീരിയഡ് 4T ആകും　　D. പീരിയഡിന് മാറ്റമില്ല

29. ഒരു n - p - n ട്രാൻസിസ്റ്റർ ചാലനം ചെയ്യുന്നത്

A. ബേസിനെ അപേക്ഷിച്ച് കളക്ടറും എമിറ്ററും പോസിറ്റീവ് ആകുമ്പോൾ

B. കളക്ടർ പോസിറ്റീവും എമിറ്റർ ബേസിന്റെ അതേ പൊട്ടൻഷ്യലും ആകുമ്പോൾ

C. ബേസിനെ അപേക്ഷിച്ച് കളക്ടർ പോസിറ്റീവും എമിറ്റർ നെഗറ്റീവും ആകുമ്പോൾ

D. ബേസിനെ അപേക്ഷിച്ച് കളക്ടറും എമിറ്ററും നെഗറ്റീവ് ആകുമ്പോൾ

30. നമുക്ക് സിനിമയിൽ ചലിക്കുന്ന ചിത്രങ്ങൾ കാണാൻ സാധിക്കുന്നതിനു കാരണം

A. വീക്ഷണ സ്ഥിരത

B. കണ്ണിന്റെ അക്കോമഡേഷൻ

C. ലെൻസുകളുടെ സ്ഥിരത

D. പൂർണ്ണാന്തര പ്രതിഫലനം

31. വാട്ടർഗ്യാസിന്റെ ഉല്പാദനം വിശദമാക്കുന്ന രാസസമവാക്യം ഏത്?

A. $C+H_2O \rightarrow CO$

B. $CO_2+H_2O \rightarrow CO+[O]+H_2O$

C. $CO+H_2 \rightarrow C+H_2O$

D. $C+H_2O+Heat \rightarrow CO+H_2$

32. ഗ്ലാസിന്റെ രാസനാമമെന്ത്?

A. കാൽസ്യം സിലിക്കേറ്റ്

B. സിലിക്കൺ ഡയോക്സൈഡ്

C. സോഡിയം സിലിക്കേറ്റ്

D. സിലിക്കൺ കാർബൈഡ്

33. പ്രകൃതിയിൽ ഏറ്റവും ശുദ്ധമായി കാണുന്ന ഐസോടോപ്പ്?

A. Ne-20 B. C-14

C. C-12 D. $C_O$-60

34. വെടിമരുന്നിൽ സ്ഫോടനത്തിനാവശ്യമായ ഓക്സിജൻ നൽകുന്ന പദാർത്ഥം ഏത്?

A. $CO_2$

B. പൊട്ടാസ്യം ക്ലോറേറ്റ്

C. അലുമിന

D. സ്ട്രോൺഷ്യം ഓക്സൈഡ്

35. നെഗറ്റീവ് ചാർജുള്ള അയോണുകളെ ----- എന്നു വിളിക്കാം

A. ഇലക്ട്രോണുകൾ B. കാഥോഡ്

C. ക്യാറ്റയോണുകൾ D. ആനയോണുകൾ

36. സ്ഫോടകമിശ്രിതത്തിൽ ----- ലവണങ്ങൾ ചേർത്താണ് നല്ല തിളങ്ങുന്ന ചുവപ്പുനിറം നൽകുന്നത്

A. ബേരിയം B. സ്ട്രോൺഷ്യം

C. അലുമിനിയം D. കോപ്പർ

37. ഉല്പാദനത്തിന് വിധേയമാകാത്തത് ഏത്?

A. അയൊഡിൻ B. കർപ്പൂരം

C. ഗ്രാഫൈറ്റ് D. നാഫ്തലീൻ

38. $K_2Cr_2O_7$-ൽ ക്രോമിയത്തിന്റെ ഓക്സീകരണാവസ്ഥ എത്ര?

A. 2 B. 3

C. 4 D. 6

39. താഴെപ്പറയുന്നവയിൽ സ്ലേക്കഡ് ലൈം ഏത്?

A. $CaCO_3$ B. CaO

C. $Ca(OH)_2$ D. $CaSO_4$

40. പാലിന്റെ ശുദ്ധത അളക്കുന്ന ഉപകരണമാണല്ലോ ലാക്ടോമീറ്റർ. യഥാർത്ഥത്തിൽ അതെന്താണ് അളക്കുന്നത്

A. പാലിന്റെ ധവളത

B. പാലിലെ ജലാംശത്തിന്റെ തോത്

C. പാലിന്റെ സാന്ദ്രത

D. പാലിന്റെ കൊഴുപ്പ്

41. അസെറ്റിക് ആസിഡിന്റെയും ഫീനോളിന്റെയും മിശ്രിതം വേർതിരിക്കാൻ സഹായിക്കുന്നത്

A. ഈഥർ B. നേർപ്പിച്ച HCl

C. NaOH D. $NaHCO_3$

42. ആൽക്കലിയുമായി പ്രവർത്തിച്ച് കാനിസാറോ പ്രതിപ്രവർത്തനത്തിനു വിധേയമാകുന്ന പദാർത്ഥം

A. അസെറ്റാൾഡിഹൈഡ് B. അസെറ്റോൺ

C. ബെൻസാൾഡിഹൈഡ് D. അസെറ്റോഫീനോൺ

43. എന്താണ് സോഡിയം ലോറൈൽ സൽഫോണേറ്റ്?

A. ഡിറ്റർജെന്റ്

B. ലൈംഗികോത്തേജന വസ്തു

C. കീടനാശിനി

D. അഗ്നിശമന പദാർത്ഥം

44. ട്രൈമീഥൈൽ ബെൻസീന് സാദ്ധ്യമായ ഐസോമറുകളുടെ എണ്ണം

A. 5 B. 2

C. 3 D. 4

45. എന്താണ് ഇൻവെർട്ട് ഷുഗർ?

A. കരിമ്പിൻ പഞ്ചസാര

B. തേൻ

C. ഗ്ലൂക്കോസിന്റെയും ഫ്രാക്ടോസിന്റെയും മിശ്രിതം

D. ഡെക്സ്ട്രോസ്

46. ബ്രെഡിലെ പ്രധാനഘടകം

A. അന്നജം B. സെല്ലുലോസ്

C. മാംസ്യം D. കൊഴുപ്പ്

47. ഫോട്ടോഗ്രാഫിയിൽ ഏതു തരം പ്രവർത്തനമാണ് നടക്കുന്നത്?

A. താപമോചക പ്രവർത്തനം

B. താപശോഷക പ്രവർത്തനം

C. പ്രകാശ രാസപ്രവർത്തനം

D. വൈദ്യുത രാസപ്രവർത്തനം

48. താഴെപ്പറയുന്നവയിൽ ഏറ്റവും കൂടുതൽ തന്മാത്രകൾ അടങ്ങിയിരിക്കുന്നത് ഏതിൽ?

A. 0.5 മോൾ ഓക്സിജൻ

B. 2 ഗ്രാം ഹൈഡ്രജൻ

C. 9 ഗ്രാം ജലം

D. 22 ഗ്രാം കാർബൺ ഡയോക്സൈഡ്

49. യീസ്റ്റിൽ അടങ്ങിയിരിക്കുന്നതും ഗ്ലൂക്കോസിനെ ആൽക്കഹോൾ ആക്കുന്നതുമായ എൻസൈം

A. ഇൻവെർട്ടേസ് B. മാൾട്ടേസ്

C. സൈമേസ് D. ഡയാസ്റ്റേസ്

50. എഥിലീനിൽ എത്ര സിഗ്മാ ബന്ധനങ്ങളും പൈ ബന്ധനങ്ങളും ഉണ്ട്?

A. 4 സിഗ്മ, ഒരു പൈ B. 5 സിഗ്മ, ഒരു പൈ

C. 4 സിഗ്മ, 2 പൈ D. 6 സിഗ്മ, 2 പൈ

51. എന്താണ് ടെഫ്ളോൺ?

A. പോളിമർ B. രാസത്വരകം

C. ആന്റിബയോട്ടിക് D. കീടനാശിനി

52. അസീഡിക് ഹൈഡ്രജന്റെ സാന്നിദ്ധ്യമുള്ളത് ഏതിൽ?

A. ഇഥൈനിൽ B. ഈഥീനിൽ

C. ഈഥെയ്നിൽ D. ബെൻസീനിൽ

53. വിറ്റാമിൻ $B_{12}$-ൽ അടങ്ങിയിരിക്കുന്ന ലോഹമേത്?

A. ഇരുമ്പ് B. കൊബാൾട്ട്

C. മഗ്നീഷ്യം D. കോപ്പർ

54. രാസപ്രവർത്തനങ്ങളിൽ ഊർജ്ജകൈമാറ്റങ്ങൾ നടക്കുന്നതുവഴി സ്ഥിരത ഉണ്ടാവുന്നത് ഏതു കണങ്ങൾക്കാണ്?

A. പ്രോട്ടോണുകൾക്ക് B. ന്യൂട്രോണുകൾക്ക്

C. അയോണുകൾക്ക് D. ഇലക്ട്രോണുകൾക്ക്

55. $1S^2\ 2S^2\ 2P_x^{\ 1}\ 2P_y^{\ 1}\ 2P_z^{\ 1}$ എന്ന രീതിയിലുള്ള ഇലക്ട്രോൺ വിന്യാസത്തെക്കുറിച്ച് പ്രതിപാദിക്കുന്ന നിയമം

A. ഓഫ്ബാ തത്ത്വം B. എക്സ്ക്ലൂഷൻ തത്വം

C. ഹണ്ട്സ് നിയമം D. ഹെൻറി നിയമം

56. പഞ്ചസാര ജലത്തിൽ ലയിക്കുന്നത് എന്തുകൊണ്ടെന്നാൽ അതൊരു

A. അയോണിക സംയുക്തമാണ്

B. സഹസംയോജക സംയുക്തമാണ്

C. പോളാർ സംയുക്തമാണ്

D. അതിന് ഹൈഡ്രജൻ ബന്ധനം സാദ്ധ്യമാണ്

57. താഴെപ്പറയുന്നവയിൽ ശക്തിയേറിയ ആസിഡ് ഏത്?

A. HF B. HCl

C. HBr D. HI

58. നൈട്രജന്റെ പോസിറ്റീവ് ടെസ്റ്റ് തരാത്ത സംയുക്തം

A. യൂറിയ B. ഹൈഡ്രസീൽ

C. ഗ്ലിസറിൻ D. പൈറിഡിൻ

59. സൾഫൈഡ് അയിരുകളെ സാന്ദ്രണം ചെയ്യുന്നതിന് ഏറ്റവും യോജിച്ച രീതി

A. ലീച്ചിങ് B. റോസ്റ്റിംഗ്

C. പ്ലവനപ്രക്രിയ D. കാൽസിനേഷൻ

60. നാഫ്തലിൻ വേർതിരിച്ചെടുക്കുന്നത് ഏതിൽ നിന്ന്?

A. കോൾട്ടാർ B. കോൾഗ്യാസ്

C. പെട്രോളിയം D. ഈഥേൻ

## തെരഞ്ഞെടുത്ത ചോദ്യോത്തരങ്ങൾ SET-2

### ANSWERS

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1. D | 2. B | 3. C | 4. B | 5. A | 6. B | 7. C | 8. B | 9. C | 10. D | 11. A |
| 12.A | 13. B | 14. B | 15. C | 16. B | 17. C | 18. A | 19. C | 20. B | 21. C | 22. B |
| 23. B | 24. D | 25. A | 26. A | 27. C | 28. B | 29. C | 30. A | 31. D | 32. C | 33. C |
| 34. B | 35. D | 36. B | 37. C | 38. D | 39. C | 40. C | 41. D | 42. C | 43. A | 44. C |
| 45. C | 46. A | 47. C | 48. B | 49. C | 50. B | 51. A | 52. A | 53. B | 54. D | 55. C |
| 56. D | 57. D | 58. C | 59. C | 60. A | | | | | | |